**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2025** **21-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കാമ്പസിൽ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണത്തിന് ആദ്യഘട്ടമായി 456 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് എം.എസ്.സി.- പി.എച്ച്.ഡി പ്രോഗ്രാമിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെയും ഇൻസ്റ്റിറ്റ്യൂട്ടിലെ പി.എച്ച്.ഡി വിദ്യാർത്ഥികളുടെയും താമസ സൗകര്യം ഒരുക്കുന്നതിന് വേണ്ടിയാണ് ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണം ലക്ഷ്യമിടുന്നത്. |
| (ബി) | ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപ വീതമുള്ള ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്; പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറുകാരെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണത്തിനായി 8.9.2021 തീയതിയിലെ സ.ഉ (കൈ) നം. 32/2021/എസ്സ് & റ്റി ഡി പ്രകാരം 500 ലക്ഷം രൂപയും 21/8/2022 തീയതിയിലെ സ.ഉ (കൈ) നം. 16/2022/എസ്സ് & റ്റി ഡി പ്രകാരം 476 ലക്ഷം രൂപയും 21/7/2023 തീയതിയിലെ സ.ഉ (കൈ) നം. 9/2023/എസ്സ് & റ്റി ഡി പ്രകാരം 309 ലക്ഷം രൂപയും 31/05/2024 തീയതിയിലെ സ.ഉ (കൈ) നം.5/2024/എസ്സ് & റ്റി ഡി പ്രകാരം 309 ലക്ഷം രൂപയും ഉൾപ്പടെ ആകെ 15.94 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2021-2022 സാമ്പത്തിക വർഷം 336 ലക്ഷം രൂപയും 2022-2023 സാമ്പത്തിക വർഷം 120 ലക്ഷം രൂപയും മാത്രമേ ഈ ആവശ്യത്തിനായി അനുവദിച്ച് നൽകിയിട്ടുള്ളൂ. ആയതിൽ 2,47,043/- രൂപ DPR തയ്യാറാക്കൽ, മണ്ണ് പരിശോധന, സ്ഥല പരിശോധന തുടങ്ങിയവയ്ക്കായി ചെലവായിട്ടുണ്ട്. ബാക്കി തുകയായ 453.53 ലക്ഷം രൂപ സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ കെട്ടിട നിർമ്മാണത്തിനായി ബാക്കിയുണ്ട്.ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന മുറയ്ക്ക് ഈ സാമ്പത്തിക വർഷം ഇതിനായി വകയിരുത്തിയിട്ടുള്ള തുക അനുവദിക്കുന്നതാണ്.<br><br>2024-2025 സാമ്പത്തിക വർഷം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന് ലൈബ്രറി വികസനത്തിനായി 45 ലക്ഷം രൂപയും സയിന്റിഫിക്ക് ഇൻഫ്രാസ്ട്രക്ച്ചർ വികസനം, ഭൗതിക സാഹചര്യ വികസനം എന്നിവയ്ക്കായി യഥാക്രമം 55 ലക്ഷം രൂപയും 60 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണത്തിനായി കരാർ ഒപ്പിടുവാൻ ഉള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ